I ഇ.ബി. XIV-കേരള നിയമസഭ /XIV-8

# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഫെബ്രുവരി 06, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### കയർ മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിൽ സംസ്ഥാന സർക്കാർ കാട്ടുന്ന അനാസ്ഥമൂലം കേരളത്തിലെ കയർ മേഖല നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്തെ ഒരു ലക്ഷത്തിൽപ്പരം വരുന്ന കയർപിരി തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിൽ നൽകാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ചകിരി ഉല്പാദിപ്പിക്കുന്നതിനുള്ള മില്ലുകൾ സ്ഥാപിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്കും സഹകരണ ബാങ്കുകളുൾപ്പെടെയുള്ളവർക്കും 90 ശതമാനം സബ്സിഡി നൽകുന്നതിനും സ്വകാര്യ വ്യക്തികൾക്ക് പ്ലാന്റ്ഡ് മെഷിനറി സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളും മറ്റും സർവ്വീസ് ടീമുകളുണ്ടാക്കി തെങ്ങുകയറ്റയന്ത്രം ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ തേങ്ങയിടുന്നതിനുള്ള സംവിധാനം

ഏർപ്പെടുത്തി കൃഷിക്കാർക്ക് അപ്പോൾത്തന്നെ ഓൺലൈനായി നാളികേരത്തിന്റെ ന്യായവില ട്രാൻസ്ഫർ ചെയ്തുകൊടുക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. വീടുകളിൽനിന്നും തൊണ്ട് സംഭരിക്കുന്നതിന് കുടുംബശ്രീക്ക് തൊണ്ടൊന്നിന് 50 പൈസവരെ സബ്സിഡി നൽകുന്നതും വാഹനങ്ങൾക്ക് പിന്തുണ നൽകുന്നതും പ്ലാൻ ഗൈഡ്ലൈൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചകിരിയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന പദ്ധതിക്ക് നെതർലാൻഡുമായി കരാറിൽ ഏർപ്പെടുകയും പൈലറ്റ് പ്ലാന്റ് ഉടൻ സ്ഥാപിക്കുന്നതുമാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തൊണ്ടിന്റെ പകുതിയും ചകിരിയാക്കി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യകൾ ആവിഷ്കരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മാർച്ച് മാസത്തിൽ ഇതുസംബന്ധിച്ച് ഒരു സെമിനാർ സംഘടിപ്പിക്കാൻ കയർ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u>: കേരളത്തിന്റെ കയർ മേഖല അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. മന്ത്രിയുടെ വിശദീകരണത്തിൽ കയർത്തൊഴിലാളികളെക്കുറിച്ച് യാതൊന്നും പരാമർശിച്ചില്ല. പച്ചത്തൊണ്ട് ലഭ്യമല്ലാത്തതും കൂലിപ്രശ്നങ്ങളും സർക്കാരിന്റെ പിടിപ്പുകേടും കയർ വ്യവസായം തകർച്ചയിലേയ്ക്ക് നീങ്ങുന്നതിന് കാരണമായിട്ടുണ്ട്. പച്ചത്തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് കടത്തുന്നത് തടയുന്നതിനും ന്യായവില നൽകി പച്ചത്തൊണ്ട് സംഭരിക്കുന്നതിനും സർക്കാർ നടപടി

സ്വീകരിക്കണം. കൂടിയ വിലയ്ക്ക് പച്ചത്തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണസംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും അർഹമായ സബ്സിഡി അനുവദിക്കാൻ സർക്കാർ തയ്യാറാകണം. കയർപിരി മേഖലയിലെ ചെറുകിട ഫാക്ടറികൾക്ക് കയറ്റുമതിക്കാർ ഓർഡർ നൽകാത്തതിനാൽ ഉല്പാദനം നിലച്ചിരിക്കുകയാണ്. ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാൽ തൊഴിലാളികൾ ഈ മേഖല ഉപേക്ഷിച്ച് പോകുകയാണ്. തൊഴിലാളികളുടെ കൂലിപരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ ഒരു വർഷമായി സർക്കാർ വിഹിതമായി ലഭിക്കേണ്ട കൂലിയും സംഘം വിഹിതവും സമയത്ത് ലഭിക്കുന്നില്ല. കയർഫെഡ് വഴി സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരി ഗുണനിലവാരമില്ലാത്തതാണ്. പ്രാഥമിക സഹകരണസംഘങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന പ്രവർത്തന മൂലധന ഫണ്ട്, മാനേജീരിയൽ സബ്സിഡി, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള സഹായങ്ങൾ മുതലായവ ലഭിക്കുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സംഘം ജീവനക്കാർക്ക് വേതനം നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപിച്ച ശമ്പള പരിഷ്കരണ പദ്ധതി കാലാവധി കഴിഞ്ഞിട്ടും നടപ്പാക്കിയിട്ടില്ല. 2017-ൽ കയർ കേരള നടത്തുമ്പോൾ 120 കോടി രൂപയുടെ ജിയോ ടെക്സ്റ്റൈയിൽസ്

നൽകാമെന്ന് എം.ഒ.യു. ഒപ്പിട്ടെങ്കിലും  ഏകദേശം 19 കോടി രൂപയുടെ ജിയോ ടെക്സ്റ്റൈയിൽസ് മാത്രമാണ് വിതരണം ചെയ്തത്.  കയർ കോർപ്പറേഷനിൽ കെട്ടിക്കിടക്കുന്ന 18 കോടി രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. തൊണ്ട് സബ്സിഡിയും ചകിരി സബ്സിഡിയും നൽകുന്നില്ല. ചകിരി മില്ലുകൾ പ്രവർത്തിക്കാത്തതിനാൽ  ഉല്പാദനം പത്ത് ശതമാനംപോലും നടക്കുന്നില്ല. ഇൻകം സപ്പോർട്ട് സ്കീമിലെ കുടിശ്ശിക കൊടുത്തുതീർത്തിട്ടില്ല. കണ്ണൂർ, കാസർഗോഡ് സഹകരണ മേഖലയിൽ യന്ത്രവത്കൃത ചകിരി നിർമ്മാണ യൂണിറ്റുകൾക്ക് പുതിയതായി നൽകിയ ഡീഫൈബറിംഗ് മെഷീനുകളും ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും  10 ശതമാനം പോലും പ്രവർത്തിക്കാത്ത അവസ്ഥയാണുള്ളത്.  കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുകയും തൊണ്ട് സംഭരണത്തിനായി പ്രായോഗിക നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ജി.എസ്.ടി.യിൽ നിന്ന് കയർമേഖലയെ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികളുണ്ടാകണം. കയർമേഖലയിലെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് തൊണ്ട് സംഭരണത്തിനായി തുക  നൽകിയെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി 500 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കയർ മേഖല

നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഇൻകം സപ്പോർട്ട് സ്കീമിൽ 2018-19-ൽ ജനുവരി മാസം അവസാനം വരെ 585 സൊസൈറ്റികളിലായി 32000 തൊഴിലാളികൾക്ക് 15 കോടി രൂപ നൽകിയതുൾപ്പെടെ ഈ വർഷം 23 കോടി രൂപ നൽകുന്നതാണ്. തൊഴിലാളികളുടെ പെൻഷൻ 1100 രൂപയായും ഫാമിലി പെൻഷൻ 1000 രൂപയായും പ്രസവാനുകൂല്യം 15000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി ജനുവരി 1 മുതൽ 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കയർ ഉല്പാദനം 3 ലക്ഷം ക്വിന്റലാണ്. അടുത്തവർഷം ഉല്പാദനം ഇരട്ടിയാക്കാനാണ് ലക്ഷ്യമിടുന്നത്. മാനേജീരിയൽ സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയതിനുശേഷം കയർമേള നടത്താനാണ് ഉദ്ദേശിക്കുന്നത്. പതിനായിരം ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുപുറമെ സ്വകാര്യവ്യക്തികളിൽനിന്നും സഹകരണസംഘങ്ങളിൽ നിന്നും ലാഭകരമായ വിലയിൽ ചകിരി സംഭരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കയർ മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും യന്ത്രവത്കൃതമേഖലയിലേയ്ക്ക് മാറുന്ന അവസ്ഥാവിശേഷം വരാൻ

പോകുകയാണ്. ചകിരിച്ചോർ കയറ്റുമതിയിലെ പ്രശ്നങ്ങൾക്ക് സാങ്കേതികമായ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. നാനൂറ് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുകവഴി ചകിരിയുൽപ്പാദനം പത്ത് മടങ്ങ് വർദ്ധിപ്പിക്കുന്നതിനും കയറുൽപ്പാദനം ഇരട്ടിയാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ജിയോടെക്സ്റ്റൈൽസിന്റെ വിതരണം കാര്യക്ഷമമായി തുടരുന്നതിനുപുറമെ കയർ കോർപ്പറേഷൻ വഴിയുള്ള കയർ സംഭരണം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ് ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) മലയോര കർഷകർക്ക് പട്ടയം

ശ്രീ. കെ. രാജൻ: സംസ്ഥാനത്തെ മലയോര കർഷകർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 1977-നുശേഷമുള്ള കുടിയേറ്റങ്ങൾ നിർബന്ധമായും ഒഴിവാക്കണമെന്ന് ഹൈക്കോടതി വിധി നിലനിൽക്കുന്ന

സാഹചര്യത്തിൽ പ്രസ്തുത കാലയളവിനുമുമ്പ് കുടിയേറിയ അർഹതപ്പെട്ടവർക്ക് ആവശ്യമായ പരിശോധനാ നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിന് അനുകൂലമായ നിലപാടെടുക്കണം. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സംയുക്ത പരിശോധനയുടെയും മരങ്ങളുടെ വിലയേയും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്തെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 103300 പട്ടയങ്ങൾ വിതരണം ചെയ്യുകയും 01.01.1977-നുമുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭിച്ച ഭൂമിയിൽനിന്ന് 61998 പേർക്ക് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകിയിട്ടുമുണ്ട്. തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 16/1/2019-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ 1993-ലെ വനഭൂമി പതിച്ചുനൽകൽ ചട്ടങ്ങളുടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും പതിച്ചു നൽകുന്ന ഭൂമിയിൽ നിൽക്കുന്ന മരങ്ങൾക്ക് നിലവിലുള്ള നിരക്കിൽ മരവില അടയ്ക്കുന്നതിനും നിർദ്ദേശം നൽകി

ഉത്തരവാകുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചാൽ തൃശ്ശൂർ ജില്ലയിലെ പട്ടയ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയും. ഒല്ലൂർ കേന്ദ്രമാക്കി സ്പെഷ്യൽ ഓഫീസ് രൂപീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

## (2) റബ്ബറിന് കാർഷിക പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: വിലത്തകർച്ചമൂലം പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകരെ സഹായിക്കാൻ റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കാനും മുഴുവൻ റബ്ബർ കർഷകരേയും ഗുണഭോക്താക്കളാക്കി പദ്ധതി വിപുലീകരിക്കാനും കുടിശ്ശികയടക്കം വിലസ്ഥിരതാ ഫണ്ടിന്റെ തുക കൃത്യമായി ലഭ്യമാക്കാനും നടപടിയുണ്ടാകണം. കേന്ദ്ര സർക്കാരിന്റെ അനിയന്ത്രിതമായ റബ്ബർ ഇറക്കുമതി അവസാനിപ്പിക്കാൻ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുകയും ലോക വാണിജ്യ കരാറനുസരിച്ചുള്ള സംരക്ഷണചുങ്കം ഏർപ്പെടുത്താനും നികുതിയിനത്തിൽ കേന്ദ്രത്തിൽ നിക്ഷേപിച്ച ആനുപാതിക സംസ്ഥാനവിഹിതം ലഭ്യമാക്കാനും റീജിയണൽ ഓഫീസുകൾ സജീവമാക്കി റബ്ബർ ബോർഡ് സംരക്ഷിക്കാനും ആവശ്യമായ ഇടപെടൽ നടത്തണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടെ റബ്ബർ കർഷകരെ രക്ഷിക്കാൻ പ്രത്യേക കാർഷിക പാക്കേജ് ആവിഷ്കരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം കേന്ദ്ര ബഡ്ജറ്റ് നിരാശാജനകമായിരുന്നു. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കണമെങ്കിൽ കേന്ദ്രവിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ റബ്ബർ കർഷകർക്കായി 500 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാൻ സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. അനിയന്ത്രിത റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. കേന്ദ്ര ഗവൺമെന്റ് റബ്ബറിനെ വാണിജ്യോൽപ്പന്നമായിട്ടാണ് പരിഗണിച്ചിരിക്കുന്നത്. റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കണമെന്നും റബ്ബർ നയം നടപ്പാക്കണമെന്നുമുള്ള ആവശ്യം ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പ്രസ്തുത റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് അംഗീകരിക്കപ്പെട്ടാൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

## IV സബ്മിഷൻ

### (1) വൈഷ്ണവിന്റെ ആത്മഹത്യ

പ്രതിപക്ഷ നേതാവ് (ശ്രീ രമേശ് ചെന്നിത്തല): ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി വൈഷ്ണവിന്റെ ആത്മഹത്യയെ സംബന്ധിച്ച്

സമഗ്ര അന്വേഷണം നടത്തുന്നതിനും കുറ്റവാളിയെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വയനാട് മാനന്തവാടി ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ വൈഷ്ണവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ വെള്ളമുണ്ട പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും മൃതദേഹം പോസ്റ്റുമോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകന്റെ മാനസിക പീഡനമാണ് മരണകാരണമെന്ന ആരോപണത്തെത്തുടർന്ന് ഐ.പി.സി. 305-ാം വകുപ്പും ജുവനൈൽ ജസ്റ്റിസ് ആക്ടിലെ 75-ാം വകുപ്പും ചേർത്ത് നിയമ നടപടികൾ സ്വീകരിക്കുകയും ആരോപണ വിധേയനായ അദ്ധ്യാപകൻ കൽപ്പറ്റ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യം തേടുകയും കോടതി ഉത്തരവുപ്രകാരം അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാണ്. കേസന്വേഷണത്തിന് വയനാട് ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

(2) മുൻസിഫ് മജിസ്ട്രേറ്റ് കോടതി

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പ് ആസ്ഥാനമായി മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുൻസിഫ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതിനുള്ള നിലവിലെ മുൻഗണനാ ലിസ്റ്റിൽ തളിപ്പറമ്പ് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടില്ല. എന്നാൽ മുൻഗണനാ ലിസ്റ്റിൽ കൂടുതൽ കോടതികളെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിൽ തളിപ്പറമ്പ് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ഉൾപ്പെട്ടിട്ടുണ്ട്. തളിപ്പറമ്പിലടക്കം പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(3) വ്യക്തിഹത്യ തടയാൻ നിയമനിർമ്മാണം

ശ്രീ. മുല്ലക്കര രത്നാകരൻ: സമൂഹ മാധ്യമങ്ങൾ വഴിയുള്ള വ്യക്തിഹത്യ തടയുന്നതിന് നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നവ മാധ്യമങ്ങൾ വർത്തമാനകാല സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെങ്കിലും അതിന്റെ ദുരുപയോഗം നിരവധി സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നിലവിലുള്ള നിയമത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. അന്വേഷണ ഉദ്യോഗസ്ഥർക്ക് മുന്നിൽ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന് എല്ലാ സേവന ദാതാക്കളും തയ്യാറാകുന്ന വിധത്തിലുള്ള നിയമനിർമ്മാണം അനിവാര്യമാണ്. സൈബർ കുറ്റകൃത്യങ്ങൾ,

ഇന്റർനെറ്റിന്റെ സുരക്ഷിത ഉപയോഗം, സൈബർ രംഗത്തെ ചതിക്കുഴികൾ എന്നിവ സംബന്ധിച്ച് റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, കോളേജുകൾ, സ്കൂളുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. വ്യാജപ്രചരണങ്ങൾക്കെതിരെ പരാതി ലഭിച്ചാൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെയും വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. സമൂഹ മാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചരണങ്ങൾക്കെതിരെ പോലീസ് രഹസ്യാന്വേഷണ വിഭാഗവും സൈബർ സെല്ലും ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഹൈക്കോടതി ഉത്തരവുപ്രകാരം 2001-ൽ പ്രവർത്തനം അവസാനിപ്പിച്ചെങ്കിലും ട്രാവൻകൂർ റയോൺസ് ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി സമർപ്പിക്കണമെന്ന കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പുനരുജ്ജീവന സാദ്ധ്യതകളെ സംബന്ധിച്ച്

പരിശോധന നടത്തിയിട്ടും ഫലം കണ്ടെത്താനായില്ല. കമ്പനിക്ക് പാട്ടത്തിന് നൽകിയ സർക്കാർ സ്ഥലം ഗ്യാരന്റി നൽകി വിവിധ ധനകാര്യ/വായ്പാ സ്ഥാപനങ്ങളിൽ നിന്നും കമ്പനി വായ്പ വാങ്ങിയതിനാൽ വായ്പ വാങ്ങിയിട്ടുള്ള സ്ഥാപനങ്ങൾക്കല്ലാതെ മറ്റാർക്കും കമ്പനി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്മേൽ അവകാശമില്ലാത്ത സാഹചര്യത്തിൽ ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ബാദ്ധ്യത തീർത്ത് സ്ഥലം തിരിച്ചെടുക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. കമ്പനിയിലെ തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. 2010-15 കാലഘട്ടത്തിൽ ഓണക്കാലത്ത് കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും തൊഴിലാളി ഒന്നിന് എന്ന പ്രകാരം നൽകിയ 31,500 രൂപ തിരിച്ച് പിടിക്കുകയുണ്ടായി. തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം തിരികെ നൽകണമെന്ന സംയുക്ത ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. നിലവിലെ വ്യവസ്ഥപ്രകാരം കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്യാന്റീൻ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. കോമ്പൻസേഷനും പലിശയും മറ്റാനുകൂല്യങ്ങളും വേണമെന്ന സംയുക്ത ട്രേഡ് യൂണിയന്റെ ആവശ്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. കമ്പനിയിലെ നിലവിലെ പ്രശ്നങ്ങൾ പൂർണ്ണമായും

പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(5) ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം

ശ്രീ. കെ. ഡി. പ്രസേനൻ: ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കുന്നതിനും ജല വിതരണത്തിലെ അപാകത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): 'നിറ'യുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് കർഷക പങ്കാളിത്തം ലക്ഷ്യമിട്ട് കേരള ജലസേചനവും ജല സംരക്ഷണവും ആക്ട് പ്രകാരം വിപുലമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ഓരോ 40 ഹെക്ടർ കൃഷിയിടത്തിനും ഓരോ ഫാർമേഴ്സ് അസോസിയേഷൻ എന്ന പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. പതിനൊന്നംഗങ്ങളടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി അസോസിയേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതാണ്. ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയറെ രജിസ്റ്ററിംഗ് അധികാരിയായി നിയമിച്ചിട്ടുള്ള കമ്മിറ്റി കൃഷിവകുപ്പുമായി ചേർന്ന് ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ഉടനടി രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. പ്രസ്തുത സംവിധാനം എത്രയുംവേഗം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ചിറ്റയം ഗോപകുമാർ: സംസ്ഥാനത്തെ വിശ്വകർമ്മ സമുദായങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വിശ്വകർമ്മ സമുദായത്തിന്റെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസമടക്കമുള്ള മേഖലകളിലെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തിയ ഡോ. പി.എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം വിശ്വകർമ്മ സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉദ്യോഗ നിയമനങ്ങളിൽ നിലവിൽ ക്ലാസ്സ് 4 ഇതര തസ്തിക, ക്ലാസ് 4 തസ്തിക, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ എന്നിവയ്ക്ക് യഥാക്രമം 3 ശതമാനം, 2 ശതമാനം, 2 ശതമാനം എന്നീ ക്രമത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. പി.എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം വിശ്വകർമ്മ വിഭാഗങ്ങളുടെ പെൻഷൻ തുക 500 രൂപയിൽ നിന്നും 1100 രൂപയാക്കി വർദ്ധിപ്പിക്കുകയും നിലവിലെ വരുമാന പരിധി

അൻപതിനായിരത്തിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കേണ്ട 21 ശിപാർശകളടങ്ങിയ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വകുപ്പ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പുകളും അക്കാര്യം പരിശോധിച്ചുവരികയാണ്. ഇതുസംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന അഭിപ്രായം പരിഗണിച്ചതിനുശേഷം വിശ്വകർമ്മ സമൂഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) <u>ട്യൂമർ ബോർഡ് രൂപീകരണം</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ട്യൂമർ ബോർഡ് രൂപീകരിക്കുന്നതിനും കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിക്കുകയും കൊച്ചിൻ കാൻസർ സെന്ററിൽ അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ഒരു കാൻസർ സ്ട്രാറ്റജിക് ആക്ഷൻ

പ്ലാനിന് രൂപം നൽകുന്നതോടൊപ്പം ഒരു കാൻസർ കെയർ ഗ്രിഡ് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ ട്രീറ്റ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി ഓങ്കോളജി മേഖലയിലുൾപ്പെടെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കോഴിക്കോട്-തലശ്ശേരി കാൻസർ സെന്ററും മെഡിക്കൽ കോളേജ് കാൻസർ സെന്ററും പ്രവർത്തനസജ്ജമായിക്കഴിഞ്ഞു.

## (8) കാൻസർ രോഗ നിർണ്ണയം

ശ്രീ. പാറക്കൽ അബ്ദുല്ല: കാൻസർ രോഗനിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വികസിത രാഷ്ട്രങ്ങളിലേതുപോലെ വിദഗ്ദ്ധമായ കാൻസർ പരിശോധനയും ചികിത്സാ സംവിധാനങ്ങളുമാണ് കേരളത്തിലുള്ളത്. റീജിയണൽ കാൻസർ സെന്ററിൽ മൾട്ടി ഡിസിപ്ലിനറി ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാനും കാൻസർ കെയർ ഗ്രിഡും പ്രാവർത്തികമാക്കുന്നതോടൊപ്പം ഇ-ഹെൽത്ത് സംവിധാനം കൂടി കൂട്ടിച്ചേർക്കുന്നതാണ്. ഏർലി ഡിറ്റക്ഷൻ മെച്ചപ്പെട്ട രീതിയിൽ നടന്നുവരികയാണ്. ടോട്ടൽ കാൻസർ രജിസ്ട്രി തയ്യാറാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. നെറ്റ്‌വർക്ക് സഹായത്തോടെ ചികിത്സാ സമ്പ്രദായങ്ങൾ

കാൻസർ കെയർ ഗ്രിഡ് വഴി ബന്ധിപ്പിക്കുന്നു.

## (9) പരമ്പരാഗത ചികിത്സാ മേഖല

ശ്രീ. സി. കൃഷ്ണൻ: പരമ്പരാഗത ചികിത്സാ മേഖലയെയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 1953-ൽ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തവർക്കുമാത്രമേ പരമ്പരാഗത ചികിത്സാ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്നതിന് അനുവാദമുണ്ടായിരുന്നുള്ളൂ. പ്രസ്തുത വ്യവസ്ഥയിൽ ഇളവുനൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ഹൈക്കോടതി അത് സ്റ്റേ ചെയ്യുകയുണ്ടായി. എന്നാൽ പാരമ്പര്യ ചികിത്സകർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിലെ അന്തിമവിധിപ്രകാരം കൗൺസിലിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പേരില്ലാത്തവർക്കും യോഗ്യതയില്ലാത്തവർക്കും യാതൊരു ചികിത്സാ സമ്പ്രദായത്തിലും പ്രാക്ടീസ് ചെയ്യാൻ അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ അംഗീകൃത യോഗ്യതയില്ലാത്ത പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ നൽകാനോ നിയമനിർമ്മാണം നടത്താനോ സാധിക്കുകയില്ല.

(10) സമാന്തര പാലവും ബൈപ്പാസും

ശ്രീ. റോജി എം. ജോൺ: കാലടി സമാന്തര പാലവും അങ്കമാലി ബൈപ്പാസും യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂരിനേയും അങ്കമാലിയേയും ബന്ധിപ്പിക്കുന്ന കാലടി പാലത്തിന്റെ ഡിസൈൻ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കാലടി പാലം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുകയും ഡിസൈൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. അങ്കമാലി ബൈപ്പാസ് നിർമ്മാണം റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ഏല്പിക്കുകയും 190.16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിനുള്ള അലൈൻമെന്റ് സംബന്ധിച്ച പ്രശ്നപരിഹാരത്തിന് കാലതാമസം നേരിടുകയും പുനർനിശ്ചയിച്ച പ്രകാരമുള്ള 96.5 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച് യോഗം വിളിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ടും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എൺപത്തിയൊന്നുമുതൽ എൺപത്തിയാറുവരെയുള്ള റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## VI അറിയിപ്പ്

ഗവൺമെന്റ് പ്രമേയം മാറ്റിവച്ചതു സംബന്ധിച്ച്

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 118 പ്രകാരം അവതരിപ്പിക്കാൻ നിശ്ചയിച്ചിരുന്ന പ്രമേയത്തിന്മേൽ കൂടുതൽ ചർച്ചകൾ ആവശ്യമാണെന്ന പൊതുഅഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ പ്രസ്തുത പ്രമേയം മറ്റൊരവസരത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുന്നുവെന്ന് സ്പീക്കർ അറിയിച്ചു.

## VII ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. ടി. വി. രാജേഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രതികൂല സാഹചര്യത്തിൽ ജനപക്ഷത്തുനിന്നുകൊണ്ട് യുക്തിസഹമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. പ്രളയാനന്തര കേരളത്തെ

രാഷ്ട്രീയവൈര്യം വച്ച് അവഗണിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയിലൂടെ വ്യവസായ രംഗത്ത് ശ്രദ്ധേയമായ ചുവടുവയ്പ്പാണ് സർക്കാർ നടത്തിയത്. നാഷണൽ ഹൈവേകളുടെ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിലാണ് പുരോഗമിക്കുന്നത്. 2016-17-ൽ പ്രഖ്യാപിച്ച 22 കുടിവെള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുകയും ആരോഗ്യ മേഖലയിലെ വികസനത്തിന്റെ ഭാഗമായി 177 പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കി ഉയർത്തുകയും 44 ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ അനുമതി നൽകുകയും 18 എണ്ണത്തിന്റെ പണി പൂർത്തീകരിക്കുകയും വിവിധ ജില്ലകളിലായി ലോകോത്തര നിലവാരമുള്ള 8 കാത്ത്ലാബ് യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ-പൊതുമരാമത്ത് വകുപ്പുകൾ വഴി പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലടക്കം പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും റോഡുകളുടെ നിർമ്മാണത്തിനുമായി കിഫ്ബി വഴി കൂടുതൽ ഫണ്ട് അനുവദിക്കുകയുണ്ടായി. കേരളത്തിന്റെ സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കുന്നതിന് ജനസംഖ്യാനുപാതികമായി ഫണ്ട് അനുവദിച്ച സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. അൻവർ സാദത്ത്: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രളയാനന്തര കേരളത്തിനുമേൽ അധിക നികുതി അടിച്ചേൽപ്പിച്ച ജനദ്രോഹ ബഡ്ജറ്റാണിത്. കഴിഞ്ഞ ബഡ്ജറ്റിൽ ലൈഫ് മിഷന് വകയിരുത്തിയ തുകപോലും ചെലവഴിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആശുപത്രികളിൽനിന്നുള്ള സേവനത്തിന് ഏർപ്പെടുത്തിയ ഫീസ് വർദ്ധനവ് പിൻവലിക്കുന്നതിനും ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിന് മിനിമം ആറുലക്ഷം രൂപയെങ്കിലും നൽകാനും അധിക നികുതിയിൽനിന്നും പ്രളയബാധിത പ്രദേശങ്ങളെ ഒഴിവാക്കാനും നടപടി സ്വീകരിക്കണം. പ്രളയബാധിത കേരളത്തിന് കേന്ദ്ര ബഡ്ജറ്റിൽ ഒരു രൂപപോലും പ്രഖ്യാപിക്കാത്തത് കേരള ജനതയോടുള്ള അവഹേളനമാണ്.

ശ്രീ. സി. എഫ്. തോമസ്: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രളയബാധിതർക്കുള്ള നഷ്ടപരിഹാരം ഗവൺമെന്റിന്റെ കാലതാമസംകൊണ്ട് പല സ്ഥലങ്ങളിലും മുടങ്ങുന്ന സ്ഥിതിയാണുള്ളത്. പ്രളയാനന്തരം കേരളത്തിൽ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വകുപ്പുകളുമായി കൂടിയാലോചന നടത്തണം. കുട്ടനാട് പാക്കേജിനായി 1000 കോടി രൂപ അനുവദിച്ച നടപടി സ്വാഗതാർഹമാണ്. പ്രളയത്തിൽ തകർന്ന കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ ബണ്ട് നിർമ്മാണത്തിന്

തുക അനുവദിക്കണം. കൃഷിക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനും വിത്തിനങ്ങൾക്ക് സബ്സിഡി, കുട്ടനാട്ടിലെ നെൽകർഷകർക്ക് പ്രൊഡക്ഷൻ ബോണസ് എന്നിവ നൽകുന്നതിനും നടപടി സ്വീകരിക്കണം. പ്രളയത്തിൽ തകർന്ന പഞ്ചായത്ത് റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവകേരള നിർമ്മിതി യാഥാർത്ഥ്യമാക്കാനും സ്ത്രീ ശാക്തീകരണത്തിന് കരുത്ത് പകരാനും ഈ ബഡ്ജറ്റിലൂടെ സാധിക്കും. പ്രളയംമൂലമുണ്ടായ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള ശ്രമം അട്ടിമറിക്കാനാണ് കേന്ദ്ര ഗവൺമെന്റും പ്രതിപക്ഷവും ശ്രമിക്കുന്നത്. യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് അധിക വിഭവസമാഹരണം നടത്തുകയും നിലവിലെ സാമ്പത്തിക പ്രതിസന്ധി അതിജീവിച്ച് ഭാവിയിൽ സാമ്പത്തിക സ്ഥിരതയ്ക്ക് അടിത്തറ സൃഷ്ടിക്കുകയുമാണ് ബഡ്ജറ്റിന്റെ ലക്ഷ്യം. നവകേരളത്തിനായി 25 വികസന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. മികച്ച സ്ത്രീ ശാക്തീകരണ പ്രവർത്തകയ്ക്ക് ദാക്ഷായണി വേലായുധന്റെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് സ്വാഗതാർഹമാണ്. പ്രതിസന്ധിയിലായ കർഷകരെ രക്ഷിക്കാൻ നിരവധി പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതിയിലൂടെ നിരവധി വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിച്ചതും 1000 ദിവസം കൊണ്ട് ഒരു ലക്ഷത്തിലധികം പട്ടയം

വിതരണം ചെയ്യാൻ സാധിച്ചതും സ്വാഗതാർഹമാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മികച്ച പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. അബ്ദുൽ ഹമീദ് പി.: ബഡ്ജറ്റിനെ എതിർക്കുന്നു. ജനക്ഷേമകരമല്ലാത്ത ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രളയം പോലുള്ള വിപത്തുകളെ പ്രതിരോധിക്കാൻ സഹായകരമാകുന്ന പാരിസ്ഥിതിക സൗഹൃദമായ വികസന പദ്ധതികളൊന്നും ഈ ബഡ്ജറ്റിലില്ല. പ്രളയംമൂലം ദുരിതമനുഭവിക്കുന്നവരുടെമേൽ അധികനികുതി അടിച്ചേൽപ്പിച്ച് മറ്റൊരു ദുരന്തംകൂടി സൃഷ്ടിക്കാനേ ഈ ബഡ്ജറ്റുകൊണ്ട് സാധിക്കുകയുള്ളൂ. ഒരു ശതമാനം പ്രളയസെസ്സ് ഏർപ്പെടുത്തിയതുമൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുകയും നിർമ്മാണ മേഖല സ്തംഭിക്കുകയും ചെയ്യും. കാർഷിക മേഖലയ്ക്കും കുടിവെള്ള പദ്ധതികൾക്കും ഉപയോഗപ്രദമായ ഇരുമ്പോത്തിങ്ങൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പുനരുദ്ധാരണം ചെയ്യാനുള്ള ഫണ്ടും പള്ളിക്കൽ പഞ്ചായത്തിലേയ്ക്കും വള്ളിക്കുന്ന് പഞ്ചായത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കാനുള്ള പദ്ധതിക്കാവശ്യമായ ഫണ്ടും ബഡ്ജറ്റിൽ വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദിശാബോധത്തോടുകൂടിയ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

മതനിരപേക്ഷതയും ജനാധിപത്യ നവോത്ഥാനമൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾക്ക് തുരങ്കം വയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പദ്ധതി അടങ്കൽ തുക വർദ്ധിപ്പിച്ചത് ധനകാര്യ മികവിന്റെ അടയാളമാണ്. രണ്ടര ലക്ഷത്തോളം കുട്ടികൾ പുതുതായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയത് സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നയത്തിന്റെ വിജയമാണ്. പരിസ്ഥിതിയും പ്രകൃതിയും മുന്നിൽ കണ്ടുകൊണ്ടുള്ള വികസന നയമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. നെൽക്കർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനും തൃശ്ശൂരിൽ റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുമുള്ള തീരുമാനങ്ങൾ അഭിനന്ദനാർഹമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും പ്രൊമോട്ടർമാരുടെ വേതനവും വർദ്ധിപ്പിക്കുന്നതിനും മികവ് പ്രകടിപ്പിക്കുന്ന ഭിന്നശേഷിക്കാർക്ക് അവാർഡ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ ശബരി വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ വർഗ്ഗീയ പ്രചരണവുമായി അതിനെ തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ ജാഗ്രത പാലിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ കഴിയാത്തത് നിരാശാജനകമാണ്. പ്രളയസെസ്സ് ചുമത്തുന്നതിനും സർക്കാർ സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും ധൂർത്ത് ഒഴിവാക്കുന്നതിനും തയ്യാറാകണം. പ്രളയദുരന്തത്തിൽപ്പെട്ട കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും നടപടിയുണ്ടാകണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അധിക നികുതി അടിച്ചേൽപ്പിക്കാതെ സംസ്ഥാനത്തെ മുന്നോട്ടുനയിക്കാൻ പര്യാപ്തമായ സാമ്പത്തിക കാഴ്ചപ്പാടാണ് ബഡ്ജറ്റിലുള്ളത്. ദീർഘനാളായി മുടങ്ങിക്കിടന്നിരുന്ന ഗെയിൽ, തീരദേശ റോഡ്, തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയപാത, ജലപാത തുടങ്ങിയവയുടെയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. വർഗ്ഗീയതയ്ക്കെതിരായ പോരാട്ടത്തിൽ എല്ലാവരും ഒരുമിച്ച് നിൽക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. അടയ്ക്കാ വ്യാപാരികൾക്കുമേൽ ചുമത്തിയിരിക്കുന്ന നികുതി ഒഴിവാക്കുന്നതിനും അവരെ ജപ്തി നടപടികളിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. കാരുണ്യ

ബെനവലന്റ് ഫണ്ട് നിലനിർത്തുന്നത് ഉചിതമായിരിക്കും. മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മുഴുവൻ എം.എൽ.എ.-മാർക്കും 5 കോടി രൂപ വീതം അനുവദിക്കണം. തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം. പതിനാല് മെഡിക്കൽ കോളേജുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 232 കോടി രൂപയുടെ പരിധിയിൽ കാസർഗോഡ് മെഡിക്കൽ കോളേജ് ഉൾപ്പെടുമോയെന്ന് വ്യക്തമാക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധിയിൽ പ്രാദേശിക പത്രപ്രവർത്തകരെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ചെറുകിട ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുകയും ഫയർഫോഴ്സിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലംപ്സംഗ്രാന്റും എസ്.സി./എസ്.ടി. പ്രൊമോട്ടർമാർക്കുള്ള വേതനവും വർദ്ധിപ്പിക്കണം. തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തിയിട്ടുള്ള പാർക്കിംഗ് ഫീസ് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണം. റോഡുകളിലെ ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കണം. വീടുകളുടെ മുറ്റത്ത് ടൈൽസ് ഇടുന്ന നടപടി അവസാനിപ്പിക്കണം. റോഡുകളുടെയും പാലങ്ങളുടെയും

പണികൾ യഥാസമയം പൂർത്തീകരിക്കാനും ആശുപത്രികൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താനും പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ നേട്ടം കൈവരിക്കാനും സാധിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെയും തീരദേശ-മലയോര ഹൈവേയുടെയും നിർമ്മാണത്തിന് തുക വകയിരുത്തിയത് ശ്ലാഘനീയമാണ്. ശബരിമലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 739 കോടി രൂപ വകയിരുത്തിയതും തിരുവിതാംകൂർ ദേവസ്വംബോർഡിന് 100 കോടി രൂപ അനുവദിച്ചതും ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. വീടുകളുടെ മട്ടുപ്പാവിൽ സോളാർ പാനലുകൾ സ്ഥാപിക്കാനും കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇലക്ട്രിക് ബസ്സുകളാക്കി മാറ്റാനും ഇലക്ട്രിക് ഓട്ടോകൾക്ക് സബ്സിഡി നൽകാനും തീരുമാനിച്ചത് സ്വാഗതാർഹമാണ്. റബ്ബറിന് താങ്ങുവില നൽകുന്നതിന് 500 കോടി രൂപ അനുവദിച്ചതും പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കിയതും ഗവൺമെന്റിന്റ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചമൂലം സംസ്ഥാനത്തിന്റെ ക്യാഷ് ബാലൻസ് തകർന്നിരിക്കുകയാണ്. നികുതി കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കാൻ കഴിയാത്തത്

സർക്കാരിന്റെ കെടുകാര്യസ്ഥത വ്യക്തമാക്കുന്നതാണ്. സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടവും വർദ്ധിച്ചിരിക്കുകയാണ്. റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മക നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിലൂടെ ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയാണ് വ്യക്തമാകുന്നത്. കഴിഞ്ഞ മൂന്ന് വർഷമായി പദ്ധതി നിർവ്വഹണം പൂർണ്ണമായും തകർച്ചയിലാണ്. പ്രളയക്കെടുതിയെത്തുടർന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഉൾപ്പെടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചിരിക്കുകയാണ്. കാർഷികമേഖലയിലെ വളർച്ചാ നിരക്കിൽ സംസ്ഥാനം പുറകിലോട്ട് പോയിരിക്കുകയാണ്. കിഫ്ബി പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ കീഴിലുള്ള ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി തുക ചെലവഴിക്കുന്നതുസംബന്ധിച്ച് പരിശോധിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ചതല്ലാതെ പുതിയ പദ്ധതികൾ ആരംഭിക്കാനോ കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാനോ സാധിച്ചിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപത്തിന് ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. വർഷങ്ങൾകൊണ്ട്

സമാഹരിക്കാൻ കഴിയുന്ന തുക കിഫ്ബി വഴി നിക്ഷേപമായി സ്വീകരിക്കുകയാണ് ചെയ്യുന്നത്. കയർ മേഖലയ്ക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, സബ്സിഡി പോലുള്ളവ കശുവണ്ടി മേഖലയിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സമൂഹത്തിലെ അടിസ്ഥാനവിഭാഗത്തിന് സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതോടൊപ്പം നവകേരള സൃഷ്ടിക്കാവശ്യമായ നിക്ഷേപങ്ങൾ നടത്തുന്നതിനായി ഫിസ്കൽ കൺസോളിഡേഷൻ നിലനിർത്തിക്കൊണ്ടുതന്നെ വായ്പയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നികുതിവെട്ടിപ്പുകൾ തടയുന്നതിന് ഇ-വേ ബില്ലിംഗ് ഉൾപ്പെടെ ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതാണ്. അധികമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുള്ള കച്ചവടക്കാരിൽനിന്നും അർഹമായ നികുതിയും ആംനസ്റ്റി സ്കീം വഴി വാറ്റ് കുടിശ്ശികയും പിരിച്ചെടുക്കുന്നതിലൂടെ വരുമാന വർദ്ധനവ് ഉറപ്പാക്കിക്കൊണ്ട് ഫിസ്കൽ ഡെഫിസിറ്റ് കുറയ്ക്കാനും മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനും സാധിക്കും. പുതുതായി പണം നിക്ഷേപിക്കുന്നതിനുപകരം നിലവിലുള്ള വിവിധ സ്കീമുകളും ചെലവുകളും സംയോജിപ്പിച്ച് കിഫ്ബിയുടെ സഹായത്തോടുകൂടിയുള്ള പദ്ധതിനിർവ്വഹണമാണ് ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയ്ക്കായി മൂന്നുവർഷംകൊണ്ട് നടപ്പിലാക്കേണ്ട അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയാണ്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വേമ്പനാട്ട് കായലിന്റെ

പരിസ്ഥിതി പുനഃസ്ഥാപനവും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അഷ്ടമുടി, ശാസ്താംകോട്ട കായലുകളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുപുറമെ ഡിസാസ്റ്റർ മാനേജ്മെന്റിനായി ആയിരം കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ വേതനം യഥാക്രമം 10,000 രൂപയായും 12,000 രൂപയായും ഏകാദ്ധ്യാപക വിദ്യാലയം വോളന്റിയർമാരുടെ പ്രതിമാസ ശമ്പളം 18,500 രൂപയായും പ്രീ-പ്രൈമറി ടീച്ചർമാരുടേത് 11,000 രൂപയായും ആയമാരുടേത് 6,500 രൂപയായും പാചകത്തൊഴിലാളികളുടെ കുറഞ്ഞ പ്രതിദിന വേതനം 500 രൂപയായും ഉയർത്തുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കൈത്താങ്ങ് പദ്ധതിയിലെ വോളന്റിയർമാരുടെ അലവൻസ് 1,500 രൂപയാക്കും. ക്രഷ് വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ അലവൻസ് യഥാക്രമം 4,000 രൂപയായും 2,000 രൂപയായും ഉയർത്തുന്നതാണ്. അങ്കണവാടി വർക്കർമാരുടെ വേതനം കേന്ദ്രസർക്കാർ വരുത്തിയ വർദ്ധനയടക്കം 12,000 രൂപയായും ഹെൽപ്പർമാരുടേത് 8,000 രൂപയായും വർദ്ധിപ്പിക്കുന്നു. ആശാവർക്കർമാരുടെ വേതനം കേന്ദ്ര സർക്കാർ വരുത്തിയ വർദ്ധനയടക്കം 4,500 രൂപയായും പരമാവധി ഇൻസെന്റീവ് 3,000 രൂപയായും ഉയർത്തുന്നു. കുടുംബശ്രീ കോ-ഓർഡിനേറ്റർമാരുടെ വേതനം 18,000 രൂപയായി വർദ്ധിപ്പിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് 25 ശതമാനം

ഉയർത്തുന്നു. മലയാള സിനിമാ രംഗത്തെ വനിതാ സംവിധായകരുടെ ബഡ്ജറ്റ് സിനിമകൾക്ക് പ്രത്യേക ധനസഹായമായി 3 കോടി രൂപയും സാംസ്കാരിക പ്രതിഭകൾക്കും നവോത്ഥാന നായകരുടെ സ്മാരകങ്ങൾക്കും 5 കോടി രൂപയും എറണാകുളത്തെ പണ്ഡിറ്റ് കെ. പി. കറുപ്പൻ സ്മാരക നിർമ്മാണത്തിന് 25 ലക്ഷം രൂപയും പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് 10 കോടി രൂപ അധികമായും വകയിരുത്തിയിട്ടുണ്ട്. പ്രാദേശിക പത്രപ്രവർത്തകരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനും വെങ്ങാനൂരിൽ അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ ഏറ്റെടുത്ത് അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ എന്ന് നാമധേയം നൽകുന്നതിനും ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളിൽനിന്നും സർക്കാർ വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് 20 ശതമാനം റിസർവ്വേഷൻ ഏർപ്പെടുത്തുന്നതിനായി സ്റ്റോർ പർച്ചേസ് നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനും സർക്കാർ ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ ആനുകൂല്യം ഇരട്ടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിൽ 2500 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. തീരദേശ സംരക്ഷണ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നൂതന പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിളപ്പിൽശാല അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല,

മലയാള സർവ്വകലാശാല, സംസ്കൃത സർവ്വകലാശാലയ്ക്ക് തുറവൂരിൽ പ്രാദേശിക കേന്ദ്രം എന്നിവയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ബഡ്ജറ്റ് ശീർഷകത്തിൽനിന്ന് കണ്ടെത്തുന്നതിനും കോഴിക്കോട്-മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ആദ്യഗഡു ഈ മാസം നൽകുന്നതിനും മുടങ്ങിക്കിടക്കുന്നതും പൂർത്തീകരിക്കാത്തതുമായ നിർമ്മാണ പ്രവൃത്തികൾക്ക് മുൻഗണന നൽകി അനുവാദം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് തകർന്ന ജലസേചന/കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പ്രത്യേക അനുവാദം നൽകുന്നതിനും പള്ളിയോടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം നൽകുന്നതിലെ തടസ്സം നീക്കുന്നതിനും ജലോത്സവങ്ങൾക്ക് ധനസഹായം നൽകുന്നതിനും കല്യാശ്ശേരി ഹയർസെക്കണ്ടറി സ്കൂളിലെ ഇ.കെ. നായനാർ സ്മാരക ഗ്രൗണ്ട് നവീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കൃതി സാഹിത്യ വിജ്ഞാനോത്സവത്തിന് ഒരു കോടി രൂപ വകയിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിപണി ഇടപെടലിന്റെ ഭാഗമായി റേഷൻ സബ്സിഡിക്കും നെല്ല് സംഭരണത്തിനും കൺസ്യൂമർഫെഡിനും തുക വകയിരുത്തുകയും സപ്ലൈകോയ്ക്ക് അധികമായി 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ നവീകരണത്തിന്

പ്രളയമേഖലകളിൽ 250 കോടി രൂപ വകയിരുത്തിയതിനുപുറമേ 1000 കോടി രൂപയുടെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുമാണ്. പൊതുമേഖലാ സ്ഥാപനമായ കാംപ്കോയുടെ റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ട് ചർച്ചയിലൂടെ യുക്തമായ തീരുമാനമെടുക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും നിബന്ധനകൾ പാലിച്ച് നിയമാനുസൃതമായിട്ടാണ് പ്രവാസി ചിട്ടിയും പെൻഷൻ ഫണ്ടും കെ.എസ്.എഫ്.ഇ. നടത്തുന്നത്. റീ ബിൽഡ് കേരളയ്ക്ക് ആയിരം കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്. ആഭ്യന്തര സർവ്വീസുകൾക്കുള്ള ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ നികുതിനിരക്ക് 5 ശതമാനമായി കുറവ് ചെയ്യുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രളയ സെസ്സ് പ്രാബല്യത്തിൽ വരുത്തി കേരള ചരക്ക് സേവന നികുതി നിരക്കിൽ മാറ്റം വരുത്തുന്നതാണ്. അസസ്മെന്റിന് വിധേയമാകാതെ പിഴ നിലനിൽക്കുന്ന സാഹചര്യത്തിൽ പിഴയിലുൾപ്പെട്ട നികുതി അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥ കൊണ്ടുവരും. അടയ്ക്കാ വ്യാപാരികൾക്ക് ആംനെസ്റ്റി സ്വീകരിക്കാൻ ഒരവസരംകൂടി നൽകുന്നതാണ്. കേരള മണി ലെൻഡേഴ്സ് നിയമപ്രകാരം പ്രവർത്തിക്കുന്ന പ്രൈവറ്റ് ബാങ്കുകൾ 20,000 രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾ ചെക്ക് മുഖാന്തരം മാത്രമേ

കൈകാര്യം ചെയ്യാൻ പാടുള്ളൂവെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുന്നതാണ്. കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട പ്രവൃത്തിക്ക് ആരോഗ്യവകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്.

## VIII **പ്രമേയം**

<u>ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മപരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യണം എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## IX അറിയിപ്പ്

നിയമസഭാ മ്യൂസിയം പൈതൃകമന്ദിരത്തിന്റെ ഉദ്ഘാടനം

പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച നിയമസഭാ മ്യൂസിയം, വീഡിയോ കോൺഫറൻസിംഗ് സൗകര്യം എന്നിവയുടെ ഉദ്ഘാടനം വൈകുന്നേരം 4.15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു.

സഭ വൈകുന്നേരം 03.17-ന് പിരിഞ്ഞു.